DIOCESE OF IRINJALAKUDA
Bishop's House, P.B. No.59, Irinjalakuda
Thrissur Dist., Kerala - 680 121, India
Ph : 0480 - 2826830, 2826820. Fax : 2825050
E-mail : bphijk@irinjalakudadiocese.com

# ഏലിയാ സ്ലീവാ മൂശക്കാലം

## മൂശാക്കാലം 3-ാം ഞായർ

**2010 ഒക്ടോബർ, 24**

## I പഴയനിയമ വായനകൾ

### a) നിയമാവർത്തനം (13:12-18)

''ഭൂമി ഒരു ഭവനം'' എന്ന ദൈവശാസ്ത്ര ദർശനം നിയമാവർത്തനഗ്രന്ഥത്തിൽ നിറഞ്ഞു നില്ക്കുന്നുവെന്നാണ് ബൈബിൽ പണ്ഡിതരുടെ സാക്ഷ്യപ്പെടുത്തൽ. ദൈവം കൂടാരം കെട്ടി വസിക്കുന്ന ഇടം. ഈ ഇടം ദൈവോപാസനയ്ക്കുള്ള വേദിയാണ്. ഇസ്രായേൽ തങ്ങളുടെ ഇന്നലെകളിൽ അനുഭവിച്ച യഹോവയുടെ പരിപാലനയും ഇന്നിൽ അനുഭവി ക്കുന്ന പരിലാളനയും അനുസ്മരിക്കുന്നതും ആഘോഷിക്കുന്നതും ഈ നികേതന ത്തിൽവച്ചാണ്. ഈ ആരാധനാവേളയിലാണ് തങ്ങളുടെ ഉടമ്പടി ബന്ധം അവർ നവീകരി ക്കുന്നത്; തങ്ങൾ ദൈവത്തിന്റെ ജനതയും അവൻ തങ്ങളുടെ ദൈവവുമാണെന്ന ഉടമ്പടി. ഈ പശ്ചാത്തലത്തിൽവേണം അന്യദൈവങ്ങളെയോ വിഗ്രഹങ്ങളെയോ ആരാധി ക്കുന്നത് കർശനമായി നിരോധിക്കുന്നത് മന ലിലാക്കുവാൻ. ദൈവശാസനകൾ നിഷ്കർഷയോടെ അനുസരിക്കുന്നതോടൊപ്പം അനുഗ്രഹവും നിഷേധിക്കുന്നവ രോടൊപ്പം ശാപവും ഉണ്ടാകും. നിയമാവർത്തനഗ്രന്ഥത്തിൽ ഇത്തരം ശാപങ്ങളു ടെയും അനുഗ്രഹങ്ങളുടെയും അനുക്രമണികയും വിവരണവും ധാരാളമായി കാണാ വുന്നതാണ്. (ഉദാ:അനുഗ്രഹങ്ങൾ-28, 1-14, ശാപങ്ങൾ-27, 15-16; 28,15-68) ഇസ്രാ യേൽജനത തനിമയുള്ളവരായി നിലനില്ക്കണം. ഒരുമയാണ് പെരുമയ്ക്ക് നല്ത്. ഒന്നായാൽ നന്നാവും. ആ ദർശനത്തിന് സാക്ഷാത്ക്കാരം നല്കുക യാണ് ഏകദൈവം; ഏക ആരാധനാലയം എന്ന സങ്കല്പം. ഒരൊറ്റ ജനത എന്ന സങ്കല്പത്തിന് ഇളക്കം തട്ടരുതെന്നാണ് യഹോവയുടെ നയം. അനുഗ്രഹസമൃദ്ധി നല്കി തെരഞ്ഞെടുത്ത ഉടമ്പടിജനത സ്വന്തം സ്വത്വം കാത്തുസൂക്ഷിച്ചാലെ അവർക്ക് സ്വയം അ നുഗ്രഹമാകാനും മറ്റു ജനതകളെ അനുഗ്രഹിക്കാനുമാകൂ. അന്യദേവപൂ ജയും പൂജാസാമഗ്രഹികളും വിലക്കുന്നതിന്റെ പൊരുൾ അതാണ്. അന്യദേവപൂജ ഉപേക്ഷിച്ച് തന്റെ സ്വ ന്തം ജനത കല്പനകൾ പാലിച്ച് നന്മ ചെയ്ത് വാഗ്ദത്തഭൂമി വിശുദ്ധിയുടെ ഭൂമികയായി കാത്തുസംരക്ഷിക്കണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം.

### b) ഏശയ്യ (41:08-20)

മരുഭൂമിയിൽ ദേവദാരു, മണലാര്യണ്യത്തിൽ സരളവൃക്ഷം, പാ ഴ്മലകളിൽ നദികൾ, താഴ്വാരങ്ങളിൽ പൈനും പുന്നയും, വരണ്ട മണ്ണിൽ നീരുറവയും സൃഷ്ടിച്ച ദൈവം, ഒരു

DIOCESE OF IRINJALAKUDA
Bishop's House, P.B. No.59, Irinjalakuda
Thrissur Dist., Kerala - 680 121, India
Ph : 0480 - 2826830, 2826820. Fax : 2825050
E-mail : bphijk@irinjalakudadiocese.com

കാര്യം ആഗ്രഹിക്കുന്നു; അവയെല്ലാം പരിശുദ്ധനായവന്റെ കരവേലയാണെന്ന് ജനം മന ലിാക്കണം. കണ്ടറിഞ്ഞും ചിന്തിച്ച് ബോദ്ധ്യപ്പെട്ടും അവർക്കിനി പരിഭ്രാന്തി കൂടാതെ ജീവിക്കാം. കാരണം, അവിടുത്തെ വലതുകരമാണ് സംരക്ഷണം നല്കുന്നത്! ദേശവാസിക്കും പ്രവാസിക്കും പരിശുദ്ധനായ ദൈവം ഒരേപോലെ സന്നിഹിതനും സംരക്ഷകനും വാഗ്ദാനങ്ങളിൽ വിശ്വസ്തനുമാണെന്ന് അവർ ഇറിയണം. താങ്ങി നിറുത്താൻ ബലവാനായ ദൈവത്തിന്റെ വലതുകരമുണ്ടെങ്കിൽ ഭയമെന്തിന്? സംഭ്രമമെന്തിന്? ശക്തിയും സഹായവുമായി കൂടെ നടക്കുന്നൊരു ദൈവം ഉറപ്പിച്ചു പറയുന്നു; ''ഉപേക്ഷിക്കുയില്ല ഒരുനാളും''! കരുതലായി, കാവലായി, കരുത്തായി നില്ക്കുന്ന ദൈവത്തിന്റെ മുൻപിൽ ദാസരായി, സ്നേഹിതരായി, സന്തതികളായി ഇസ്രായേൽ വ്യാപരിക്കണം. അവരുടെ രക്ഷകൻ പരിശുദ്ധനായ ദൈവമാണ്.

## II. പുതിയനിയമ വായനകൾ

**c) ഗലാ 6:1-10** യഹൂദരല്ലാത്ത ക്രിസത്യാനികൾമാത്രം അടങ്ങിയതായിരുന്നു ഗലാതൃയിലെ സഭ. വി. പൗലോസ് ഗലാത്തിയവിട്ടശേഷം യഹൂദക്രിസ്ത്യാനികൾ അവിടെചെന്ന് അബദ്ധപ്രബോധനങ്ങൾ വഴി സഭയിൽ ആശയക്കുഴപ്പങ്ങളുണ്ടാക്കി. ആ പശ്ചാത്തലത്തിൽ തെറ്റിൽ അകപ്പെട്ടുപോയവരെ വീണ്ടെടുക്കുന്ന കാര്യമാണ് അപ്പസ്തോലൻ പരാമർശിക്കുന്നത്. ഇടർച്ചയുണ്ടായൊരുവനെ എങ്ങനെ കൂട്ടായ്മയിലേക്ക് കൊണ്ടുവരാം എന്നതിന്റെ ആത്മീയപാഠമാണ് ആദ്യവചനങ്ങളിൽ നാം കാണുക. തെറ്റുതിരുത്തലിനും പ്രശ്നപരിഹാരത്തിനും ആത്മീയമനുഷ്യർക്ക് സൗമ്യതയുടെയും സഹാനുഭൂതിയുടെയും സാഹോദര്യത്തിന്റെയും നിയമങ്ങളും ഭാഷയുമാണ് വേണ്ടത്. സമൂഹജീവിത്തിൽ പുലർത്തേണ്ട മറ്റൊരു സാധകപാഠവും അപ്പസ്തോലൻ നല്കുന്നുണ്ട്: ''പരസ്പരം ഭാരം വഹിക്കുക'' സമൂഹത്തിലൊരുവൻ കഠിനാനുഭവങ്ങളിലാണെന്നറിഞ്ഞാൽ, അമിതഭാരംകൊണ്ട് നട്ടെല്ല് വളഞ്ഞും തോളുചെരിഞ്ഞും, കണ്ണുകൾ കുഴിഞ്ഞും, മുഖംവരണ്ടും കൈകൾകുഴഞ്ഞും-ഒരു സഹജീവിയെകണ്ടാൽ, ക്രിസ്തുനിയമം പൂർത്തിയാക്കാൻ- '' നീ നിന്റെ അയല്ക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക- എന്ന കല്പന നിറവേറ്റാൻ, ആത്മാവ് നിന്നെ പ്രേരിപ്പിക്കണം. പരസ്നേഹത്താൽ നീ പ്രചോദിതനാകണം. വ്യക്തിജീവിതത്തിനുമുണ്ട് അപ്പസ്തോലന്റെ ഉപദേശം. ജീവിതകാലം ഒരു വ്യക്തയുടെ കാലമാണ്. കൊയ്ത്തുകാലം ഉത്സവകാലമാകണമെങ്കിൽ വിതക്കുന്നതെന്താണെന്ന് വിവേചിച്ചറിയപ്പോലെ സ്നേഹിക്കുക- എന്ന കല്പന നിറവേറ്റാൻ, ആത്മാവ് നിന്നെ പ്രേരിപ്പിക്കണം. പരസ് േനഹത്താൽ നീ പ്രചോദിതനാകണം.

വ്യക്തിജീവിതത്തിനുമുണ്ട് അപ്പസ്തോലന്റെ ഉപദേശം. ജീവിതകാലം ഒരു വ്യക്തിയുടെ കാലമാണ്. കൊയ്ത്തുകാലം ഉത്സവകാലമാകണമെങ്കിൽ വിതക്കുന്നതെന്താണെന്ന് വിവേചിച്ചറിയണം. രണ്ടു വിളകളേ ഉള്ളൂ. നാശത്തിന്റെ വിളയും രക്ഷയുടെ വിളയും. അപ്പസ്തോലൻ ഓർമ്മിപ്പിക്കുന്നു: വിതക്കുന്നതേ കൊയ്യൂ.

DIOCESE OF IRINJALAKUDA
Bishop's House, P.B. No.59, Irinjalakuda
Thrissur Dist., Kerala - 680 121, India
Ph : 0480 - 2826830, 2826820. Fax : 2825050
E-mail : bphijk@irinjalakudadiocese.com

അരൂപിയാൽ നയിക്കപ്പെടുന്ന വചനത്താൽ പോഷിപ്പിക്കപ്പെടുന്ന, വിശ്വാസത്താൽ ഐക്യപ്പെടുന്ന ദൈവമക്കളുടെ ഒരു കുടുംബമാകാൻ അപ്പസ്തോലൻ അവരെ ആഹ്വാനം ചെയ്യുന്നു. ആ കുടുംബത്തിൽ പൂത്തുലയേണ്ടത് നന്മ മാത്രം!

**മത്തായി 8: 23-34**

ഇന്നത്തെ വായനയ്ക്ക് നല്കപ്പെട്ട സുവിശേഷഭാഗം രണ്ടുവ്യത്യസ്ത അത്ഭുതവിവരണങ്ങളടങ്ങിയതാണ്. 1. കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു. (23-28)

2. പിശാചുബാധിതരെ സുഖപ്പെടുത്തുന്നു (28-34)

ഒന്നാം അത്ഭുതം പ്രകൃതിയുടെമേലുള്ള അവന്റെ അധികാരവും രണ്ടാം അത്ഭുതം സൃഷ്ട ശക്തികളിന്മേലുള്ള അവന്റെ അധികാരവും വെളിവാക്കുന്നു. 1. ഉഗ്രകൊടുങ്കാറ്റ് വലിയ ശാന്തയായി മാറിയതിനിടയിൽ നടന്നത് ശിഷ്യരുടെ പ്രാർത്ഥനയും ഈശോയുടെ ഇടപെടലും. കാലവിളംബം ഉണ്ടായില്ല. പ്രാർത്ഥിച്ചിടത്ത് യേശു ഉണ്ടായിരുന്നു. കയറുന്ന തോണിയിലും കെ ട്ടുന്ന കൂടാരങ്ങളിലും, മെനയുന്ന പദ്ധതികളിലും എടുക്കുന്ന നിലപാടുകളിലും അവന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയാൽ, പിന്നെ ഭയപ്പെടാനൊന്നുമില്ല. ഉയർന്ന തിരമാലകളിലും ശാ ന്തമായി ഉറങ്ങുന്ന ക്രിസ്തു നിനക്കൊരു പാഠമാണ്. പ്രതിസന്ധികളിൽ പതറാതെ, പ്രതിബന്ധങ്ങളിൽ ഉലയാതെ എല്ലാറ്റിനെയും ശാന്തമായി നേരിടുക. ക്രിസ്തുവില്ലെങ്കിൽ, പക്ഷേ നീ ഭയക്കുകതന്നെ വേണം. ജീവിതത്തിന്റെ തുഴ അവനെ ഏല്പിക്കുക. തീരം അറിയുന്നവ നും തുഴയെറിയുവാൻ കരുത്തുള്ളവനും അമരത്തുണ്ടെങ്കിൽ ശങ്കലേശംപോലും വേണ്ട; നീ തീരത്തണയും സുരക്ഷിതനായി. ജീവിതാനുഭവങ്ങളിൽ നിന്നെ ആശ്ചര്യപ്പെടുത്തുന്ന വിധം പ്രകൃതിപോലും നിന്നോട് സഹകരിക്കുമ്പോഴോർക്കണം, നി നക്കായി അതൊക്കെ ശാസിച്ച് ഒരുക്കിയത് കർത്താവാണെന്ന്. നിന്റെ പ്രതിസന്ധികളിൽ , അല്ലെങ്കിലും അവനേ ഉറങ്ങാനേ കഴിയില്ലായെന്ന്!

2. ഗലീലി തടാകത്തിന് ആറുമൈൽ അകലെയാണ് ഗദറായരുടെദേശം. വിജാതീയരുടെ നാടാണത്. ദൈവപുത്രന്റെ വചനത്തിന് തിന്മയുടെ ആധിപത്യങ്ങളുടെമേൽ നന്മയുടെ വിജയത്തിന് വഴിയൊരുക്കാനാകും എന്ന്, വിജാതീയദേശത്തുവച്ച്, പിശാചുബാധിതരെ സുഖപ്പെടുത്തുകവഴി ഈശോ നമ്മെ പഠിപ്പിക്കുന്നു. കിഴക്കാംതൂക്കായനിരത്തിലൂടെ പാഞ്ഞുചെന്ന് കടലിൽ മുങ്ങിച്ചത്ത പന്നികളെക്കുറിച്ചുള്ള വിവരണം കൗതുകമുണർത്തുന്നതു തന്നെ. തിന്മയുടെ ശക്തികളെ തലകീഴായ് മറിക്കാൻ, സമൂലം നശിപ്പിക്കാൻ, വേഗത്തിൽ ഇല്ലാതാക്കാൻ പറ്റിയ ആയുധം വിശുദ്ധി നിറഞ്ഞ അവന്റെ സാന്നിദ്ധ്യവും ശക്തി നിറഞ്ഞ അവന്റെ വചനവുമാണ്. യഹൂദർക്ക് പന്നിമാംസം വിലക്കപ്പെട്ട രുചിയും

# DIOCESE OF IRINJALAKUDA

Bishop's House, P.B. No.59, Irinjalakuda
Thrissur Dist., Kerala - 680 121, India
Ph : 0480 - 2826830, 2826820. Fax : 2825050
E-mail : bphijk@irinjalakudadiocese.com


പന്നിമേയ്ക്കൽ വെറുക്കപ്പെട്ട വരുമാനമാർഗ്ഗവുമാണ്. എത്രരുചിയുണ്ടെങ്കിലും എത്രവരുമാനമുണ്ടെങ്കിലും വർജ്ജിക്കേണ്ടത് വർജ്ജിക്കാനുള്ള ആർജ്ജവവും, ത്യജിക്കേണ്ടത് ത്യജിക്കാനുള്ള വിവേകവും നമുക്കുണ്ടാകണം. അതിരുവിട്ടുപോകാനുള്ള ഈശോയോടുള്ള അവരുടെ അപേക്ഷ, പന്നികൾ നഷ്ടപ്പെട്ടതുകൊണ്ടാണ്. ലൗകികവസ്തുക്കളുടെ നഷ്ടമല്ല ര ക്ഷയുടെ തീരാനഷ്ടമാണ് ഒരുവനെ സങ്കടപ്പെടുത്തേണ്ടത്. ഒരു പട്ടണപ്പുറപ്പാടുതന്നെ അവന് എതിരായി വന്നു. തിന്മയുടെ ശക്തി എത്രവലുതായാലും തിന്മചെയ്യുന്നവരുടെ എണ്ണം എത്ര കൂടുതലായാലും സത്യത്തിനും ദൈവരാജ്യപ്രഘോഷണത്തിനും നിനക്കുള്ള ചുമതലയിൽനിന്ന് പിന്മാറരുത്. സൗഖ്യവും സമാധാനവും നല്കാനുള്ള പ്രേഷിതവേലതുടരുകതന്നെവേണം.

അവസാനനാളുകൾവരെ പിശാചുക്കൾക്ക് പ്രശ്നം സൃഷ്ടിക്കാൻ സ്വാതന്ത്ര്യമുണ്ട് എന്ന് Enoch:1; 16; The Testament of Levi 18;12 എന്നീ ഗ്രന്ഥങ്ങളിൽ കാണാം. അതുകൊണ്ടായിരിക്കുമോ''സമയത്തിനുമുമ്പ് ഞങ്ങളെ എന്തിന് പീഢിപ്പിക്കുന്നു''വെന്ന് പിശാചുബാധിതർ ഈശോയോട് ചോദിച്ചത്? പിശാചിന് സമയമോ സാവകാശമോ അനുവദിക്കരുത്. തിന്മയുമായി സമരസപ്പെടാൻ അതുവഴിയൊരുക്കിയേക്കും.

പ്രകൃതിക്ഷോഭങ്ങളിൽനിന്നും പൈശാചികശക്തികളിൽനിന്നും സുരക്ഷിതരായി, നമുക്ക് സഞ്ചരിക്കാം യേശുക്രിസ്തുവിനോടൊപ്പം. അക്കരേയ്ക്കുള്ള നമ്മുടെ യാത്രയിൽ ഉണർവ്വുള്ള വിശ്വാസവും, അവനെയുണർത്തുന്ന പ്രാർത്ഥനയും, തിന്മയെ അകറ്റുന്ന വിശുദ്ധിയുമായിരിക്കട്ടെ നമ്മുടെ യാത്രാടിക്കറ്റുകൾ!

**റവ. ഡോ. പോളി പടയാട്ടി**